29.10.23 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 27-02-96

# സത്യതയുടെ അടിത്തറയാണ് പവിത്രത, അടയാളമാണ് – മുഖത്തിലും പെരുമാറ്റത്തിലും ദിവ്യത

ഇന്ന് സത്യമായ ബാബ, സത്യ ശിക്ഷകൻ, സത്ഗുരു തന്റെ നാനാവശത്തെയും സത്യതയുടെ ശക്തി സ്വരൂപരായ കുട്ടികളെ കണ്ടു കൊണ്ടിരിക്കുകയാണ്. സത്യതയുടെ അടിത്തറയാണ് പവിത്രത. സത്യതയുടെ പ്രത്യക്ഷമായ തെളിവ് മുഖത്തിലും പെരുമാറ്റത്തിലും ദിവ്യതയുടെ അനുഭൂതിയുണ്ടാകുന്നു. ലോകത്തിലും അനേക ആത്മാക്കൾ സ്വയത്തെ സത്യവാദിയാണെന്ന് പറയുന്നു അഥവാ അനുഭവം ചെയ്യുന്നു. എന്നാൽ സമ്പൂർണ്ണ സത്യത പവിത്രതയുടെ ആധാരത്തിലാണുണ്ടാകുന്നത്. പവിത്രതയില്ലെങ്കിൽ സദാ സത്യതയോടെയിരിക്കാൻ സാധിക്കില്ല. അപ്പോൾ താങ്കളെല്ലാവരുടെയും അടിത്തറ എന്താണ്? പവിത്രത. അപ്പോൾ പവിത്രതയുടെ ആധാരത്തിൽ സത്യതയുടെ സ്വരൂപം സദാ സഹജമായും സ്വതവേ ഉണ്ടാകുന്നു. സത്യത കേവലം സത്യം മാത്രം പറയുക, പ്രവർത്തിക്കുക, ഇതു മാത്രമല്ല. എന്നാൽ ഏറ്റവും ആദ്യത്തെ സത്യം ഏതിലൂടെയാണോ നിങ്ങൾക്ക് പവിത്രതയുടെയും സത്യതയുടെയും ശക്തി വന്നത്, ഏറ്റവും ആദ്യത്തെ സത്യമാണ്, തന്റെ സത്യ സ്വരൂപത്തെ തിരിച്ചറിയുക എന്നത്. ഞാൻ ആത്മാവാണെന്ന സത്യ സ്വരൂപം ആദ്യം നിങ്ങൾക്ക് അറിയുമായിരുന്നില്ലല്ലോ. ആദ്യത്തെ സത്യം തന്റെ സ്വരൂപത്തെ തിരിച്ചറിയുക എന്നതാണ്. ഞാൻ ഇന്നയാളാണ് എന്ന ദേഹ ബോധത്തിന്റെ അറിവ് സത്യ സ്വരൂപമായിരുന്നോ? സത്യ സ്വരൂപം അർത്ഥം സ്വന്തം സ്വരൂപം. പിന്നീട് ബാബയുടെ സത്യമായ പരിചയം അറിയുക. നല്ല രീതിയിൽ തന്റെ സത്യ സ്വരൂപത്തെ കുറിച്ചും ബാബയുടെ സത്യ സ്വരൂപത്തെ കുറിച്ചും മനസ്സിലാക്കിയോ? മൂന്നാമത്തെ കാര്യം ഈ സൃഷ്ടി ചക്രത്തിന്റെയും സത്യ സ്വരൂപത്തെക്കുറിച്ച് അറിയണം. ഈ ചക്രമെന്താണെന്നും, ഇതിൽ എന്റെ പാർട്ട് എന്താണെന്നതിനെക്കുറിച്ചും മനസ്സിലാക്കണം. അപ്പോൾ തന്റെ പാർട്ടിനെ നല്ല രീതിയിൽ സ്പഷ്ടമായി മനസ്സിലാക്കിയോ? താങ്കളുടെ പാർട്ട് വളരെ നല്ലതല്ലേ. ഏറ്റവും നല്ല പാർട്ടല്ലേ ഈ സംഗമയുഗത്തിൽ ലഭിച്ചിരിക്കുന്നത്. എന്നാൽ താങ്കളുടെ ദേവാത്മാവിന്റെ പാർട്ടും വിശ്വത്തിൽ മുഴുവൻ ചക്രത്തിലുമുള്ള ആത്മാക്കളിൽ വെച്ച് ശ്രേഷ്ഠമാണ്. ധർമ്മാത്മാക്കളും മഹാൻ ആത്മാക്കളും പാർട്ട് അഭിനയിച്ചിട്ടുണ്ടെങ്കിലും, അവരുടെ ആത്മാവും ശരീരവും രണ്ടും പവിത്രമല്ലല്ലോ. എന്നാൽ താങ്കൾ ദേവാത്മാക്കളുടെ ആത്മാവും ശരീരവും രണ്ടും പവിത്രമാണ്. മുഴുവൻ കല്പത്തിലും മറ്റൊരാത്മാവിനും ഇങ്ങനെയില്ല. അപ്പോൾ താങ്കൾ ആത്മാക്കളുടെ പവിത്രതയുടെ അടിത്തറ ശ്രേഷ്ഠമായതു പോലെ മറ്റാരുടെയും ശ്രേഷ്ഠമല്ല. താങ്കളുടെ ദേവാത്മാവിന്റെ പാർട്ട് ഓർമ്മയുണ്ടോ? പാണ്ഡവർക്ക് ഓർമ്മയുണ്ടോ? ദേവാത്മാക്കളുടെ പവിത്രത സ്വാഭാവിക രൂപത്തിലായിരുന്നു. മഹാൻ ആത്മാക്കൾ, മറ്റാത്മാക്കളെ പവിത്രമാക്കുന്നു, എന്നാൽ സ്വാഭാവിക രൂപത്തിലല്ല. വളരെയധികം പ്രയത്നിച്ചാണ്. സ്വാഭാവികവുമല്ല, സ്വഭാവത്തിലുമില്ല. എന്നാൽ താങ്കളുടെ അരക്കല്പത്തെ പവിത്രമായ ജീവിതം സ്വാഭാവികവുമാണ്, താങ്കളുടെ സ്വഭാവവുമാണ്. മറ്റൊരു പുരുഷാർത്ഥവും അവിടെ ആവശ്യമില്ലല്ലോ. ഇവിടെയുള്ള പുരുഷാർത്ഥം അവിടെ സ്വഭാവമാകുന്നു. എന്തുകൊണ്ടെന്നാൽ അവിടെ അപവിത്രതയുടെ പേരോ അടയാളമോ ഇല്ല. അപവിത്ര എന്താണെന്നു തന്നെ അറിയില്ല. അതുകൊണ്ട് താങ്കളുടെ പവിത്രതയുടെ പ്രത്യക്ഷ സ്വരൂപം ദേവതാ സ്വരൂപമാണ് അഥവാ ദിവ്യതയാണ്. ഈ സമയം ലോകത്തിലുള്ളവർ സ്വയത്തെ എത്ര തന്നെ സത്യവാനെന്ന് മനസ്സിലാക്കിയാലും സ്വ സ്വരൂപത്തിന്റെ സത്യതയെക്കുറിച്ച് അറിയില്ലല്ലോ. ബാബയുടെ സത്യ പരിചയത്തെക്കുറിച്ചും അറിയില്ല. അപ്പോൾ സമ്പൂർണ്ണ സത്യ സ്വരൂപമെന്ന് പറയില്ല. താങ്കളിലും സത്യതയുടെ ശക്തി സദാ ഉണ്ടാകണമെങ്കിൽ തന്റെയും ബാബയുടെയും സത്യസ്വരൂപത്തിന്റെ സ്മൃതി എപ്പോഴും ഉണ്ടായിരിക്കണം. അപ്പോൾ സ്വതവേ തന്നെ താങ്കളുടെ ഓരോ സങ്കല്പവും സത്യമായിരിക്കും. ഇപ്പോൾ എപ്പോഴെങ്കിലും നിങ്ങൾ മറക്കുന്നുണ്ടാകും, ദേഹബോധത്തിലേക്ക് വരുന്നതു കാരണം, സദാ സങ്കല്പങ്ങൾ സത്യതയുടെയും പവിത്രതയുടെയും ശക്തി നിറഞ്ഞതായിരിക്കില്ല. സദാ ഉണ്ടോ അതോ വ്യർത്ഥമാകുന്നുണ്ടോ? അപ്പോൾ വ്യർത്ഥത്തെ സത്യമെന്ന് പറയുമോ? അസത്യം പറയുന്നേയില്ലല്ലോ പിന്നെന്തുകൊണ്ട് സത്യമാകുന്നില്ല? അഥവാ ആരെങ്കിലും ഇങ്ങനെ മനസ്സിലാക്കിയാണ് ഇരിക്കുന്നതെങ്കിൽ ഞാൻ ഒരിക്കലും അസത്യം പറയുന്നില്ലല്ലോ, സദാ സത്യം മാത്രമാണ് പറയുന്നത്, ഇങ്ങനെ ചിന്തിക്കുന്നു എങ്കിൽ, അവരോട് ബാബ പറയുന്നു, സത്യതയുടെ തിരിച്ചറിവാണ്, സങ്കല്പം, വാക്ക്, കർമ്മത്തിൽ, സംബന്ധ സമ്പർക്കത്തിൽ എല്ലാത്തിലും ദിവ്യതയുടെ അനുഭൂതി. വാക്കുകൾ സത്യമായിരിക്കാം എന്നാൽ ദിവ്യതയില്ല. പല തവണ ഞാൻ സത്യമാണ് പറയുന്നതെന്ന് പറയാറുണ്ടല്ലോ. ഞാൻ സദാ സത്യമാണ്, എന്നാൽ വാക്കിലും കർമ്മത്തിലും ദിവ്യതയില്ലെങ്കിൽ, മറ്റുള്ളവർക്ക് താങ്കളുടെ സത്യം സത്യമായി തോന്നില്ല. ഇവർ സ്വയത്തെ തെളിയിക്കാൻ പരിശ്രമിക്കുകയാണെന്നേ അനുഭവപ്പെടു. ഇത് സത്യമാണെന്ന് അവർക്ക് മനസ്സിലാക്കാൻ സാധിക്കില്ല.

സത്യത്തെ പ്രത്യക്ഷപ്പെടുത്തുന്നതിനായി തെളിയിക്കേണ്ട ആവശ്യമില്ല. വാശിയോടെയാണ് സത്യത്തെ തെളിയിക്കുന്നതെങ്കിൽ അത് ദിവ്യതയല്ല. ഇത് ലോകത്തിലും നടക്കുന്ന സാധാരണമായ ഒരു കാര്യമാണ്. ബാപ്ദാദ സത്യത്തിന്റെ അടയാളം ഒരു സ്ലോഗനിൽ പറയാറുണ്ട്. സാകാരത്തിലും കേൾപ്പിച്ചിരുന്നു, സത്യതയുള്ളവരെ എങ്ങനെ തിരിച്ചറിയാനാണ്. സത്യതയുള്ളവർ നൃത്തം ചവിട്ടുന്നു. സദാ സന്തോഷത്തിൽ നൃത്തം ചെയ്യുന്നു. വാശിയോടെ തെളിയിക്കുവാൻ പരിശ്രമിക്കുകയാണെങ്കിൽ താങ്കൾ തന്റെയും മറ്റുള്ളവരുടെയും മുഖം പരിശോധിക്കുകയാണെങ്കിൽ അറിയാം ആ ദിവ്യത കാണപ്പെടില്ല. കുറച്ച് ചിന്തിക്കുന്നതിന്റെയോ ഉദാസീനതയുടെയോ ആയിരിക്കും. സന്തോഷത്തിന്റേതായിരിക്കില്ല. സത്യതയുള്ളവർ സന്തോഷം കൊണ്ട് നൃത്തം വെക്കുന്നു. സന്തോഷത്തിൽ ജീവിതത്തിന്റെ രാവും പകലും വളരെ നല്ലതായിരിക്കും. കുറച്ചെങ്കിലും സത്യതയിൽ അസത്യതയുടെ കലർപ്പുണ്ടെങ്കിൽ, ആ സമയത്തെ ജീവിതം വളരെ നല്ലതായിരിക്കില്ല. അപ്പോൾ സത്യതയുടെ അർത്ഥം തന്നെയിതാണ്, സത്യ സ്വരൂപത്തിൽ സ്ഥിതി ചെയ്തു കൊണ്ട്, സങ്കല്പവും വാക്കും കർമ്മവും ചെയ്യുക.

ഇന്നത്തെക്കാലത്തെ ലോകത്തിലുള്ളവർ സ്പഷ്ടമായി പറയുന്നുണ്ട്, ഇന്ന് സത്യതയോടെ ജീവിക്കാൻ വളരെയധികം ബുദ്ധിമുട്ടാണെന്ന്. അസത്യം പറയുക തന്നെ വേണം. എന്നാൽ പല സമയങ്ങളിലും പല പരിതസ്ഥിതികളിലും ബ്രാഹ്മണ ആത്മാക്കളും വായിലൂടെ അസത്യം പറയുന്നില്ലായിരിക്കും എന്നാൽ എപ്പോഴെങ്കിലും ചതുരതയോടെ(സാമർത്ഥ്യം) കാണിക്കേണ്ടതായി വരാറുണ്ട്. അതിനെ അസത്യം എന്ന് പറയില്ല, എന്നാൽ ചതുരത എന്ന് പറയും. അപ്പോൾ ചതുരത എന്താണ്? ഇത് ചെയ്യേണ്ടതായി വരുന്നു. മറ്റുള്ളവർ അത് സ്പഷ്ടമായി പറയുന്നു, ബ്രാഹ്മണാത്മാക്കൾ അത് രാജകീയമായി പറയുന്നു. പിന്നീട് പറയുന്നു, എന്റെ ഭാവം ഇതായിരുന്നില്ല. എന്റെ ഭാവനയും ഇതായിരുന്നില്ല, ഭാവവും ഇതായിരുന്നില്ല. എന്നാൽ ഇത് ചെയ്യേണ്ടതായി വരുന്നു, ഇങ്ങനെ പെരുമാറേണ്ടി വരുന്നു. എന്നാൽ ബ്രഹ്മാബാബയെ കണ്ടിട്ടുണ്ടോ. ബ്രഹ്മാബാബ സാകാരത്തിലായിരുന്നല്ലോ. നിരാകാരനെ പ്രതി നിങ്ങൾ ഇങ്ങനെ ചിന്തിക്കുന്നു, ശിവബാബ നിരാകാരനല്ലേ, മുകളിൽ ആനന്ദത്തോടെ വിശ്രമിക്കുകയല്ലേ, താഴേക്ക് വരികയാണെങ്കിൽ അറിയാമെന്ന്. എന്നാൽ ബ്രഹ്മാബാബ സാകാര സ്വരൂപത്തിൽ താങ്കളോടൊപ്പം തന്നെയല്ലേ വസിച്ചിരുന്നത്. വിദ്യാർത്ഥിയായും ജീവിച്ചിരുന്നു. സത്യതയ്ക്കും പവിത്രതയ്ക്കും എത്ര എതിർപ്പാണ് ഉണ്ടായത്, എന്തെങ്കിലും ചതുരത ഉപയോഗിച്ചിരുന്നോ? കൂടെയുള്ളവർ ഒരുപാട് നിർദ്ദേശങ്ങൾ നൽകിയിരുന്നു, താങ്കൾ ആരോടും പവിത്രമായിരിക്കൂ എന്ന് നേരിട്ടിങ്ങനെ പറയേണ്ട എന്ന്. വളരെ കുറച്ച് നിയമങ്ങൾ മാത്രം പറയൂ. എന്നാൽ ബ്രഹ്മാബാബ പരിഭ്രമിച്ചോ? സത്യതയുടെ ശക്തി ധാരണ ചെയ്യുന്നതിൽ സഹനശക്തിയുടെയും ആവശ്യകതയുണ്ട്. സഹിക്കേണ്ടതായി വരുന്നു. തലകുനിക്കേണ്ടതായി വരുന്നു. തോൽവി സമ്മതിക്കേണ്ടതായി വരുന്നു. എന്നാൽ അത് തോൽവിയല്ല. ആ സമയത്ത് അത് തോൽവിയായി തോന്നുമെങ്കിലും അത് സദാ കാലത്തേക്കുള്ള വിജയമാണ്.

സത്യതയുടെ ശക്തിയിലൂടെയാണ് ഇന്ന് ഡയമണ്ട് ജൂബിലി ആഘോഷിക്കുന്നത്. അഥവാ പവിത്രതയും സത്യതയും ഇല്ലെങ്കിൽ ഇന്ന് താങ്കളുടെ മുഖത്തിലൂടെ പെരുമാറ്റത്തിലൂടെ വരുന്നവർക്ക് ദിവ്യതയുടെ അനുഭൂതിയുണ്ടാകില്ല. കാലാൾപ്പടയാളികളാണെങ്കിലും നമ്പർക്രമത്തിൽ തന്നെയാണല്ലോ. മഹാരഥിയുമുണ്ട് എന്നാൽ പേരിനുള്ള മഹാരഥിയല്ല. ആരാണോ സത്യമായ മഹാരഥികൾ അതായത് സത്യതയുടെ ശക്തിയിലൂടെ മുന്നേറുന്ന മഹാരഥികൾ. ആരാണോ പരിതസ്ഥിതിയെക്കണ്ട് സത്യതയിൽ നിന്നും ലേശം പിന്മാറുന്നത്, പലരും ഇങ്ങനെ പറയാറുണ്ട്, ഒന്നു രണ്ട് വാക്കുകൾ മാത്രമേ അങ്ങനെ പറഞ്ഞുള്ളൂ, ഉള്ളുകൊണ്ട് പറഞ്ഞതല്ല, വെറുതെ അങ്ങനെ പറഞ്ഞതാണ്. എന്നാൽ ഇതും സമ്പൂർണ്ണ സത്യതയല്ല. സത്യതയ്ക്കു മുന്നിൽ അഥവാ സഹിക്കേണ്ടതായി വരികയാണെങ്കിലും അത് സഹനമല്ല. പുറമെ നിന്നും ഞാൻ സഹിക്കുകയാണെന്ന് തോന്നിയാലും താങ്കളുടെ കണക്കിൽ സഹനശകിതയുടെ കണക്കിൽ ശേഖരിക്കപ്പെടുന്നു. ഇല്ലെങ്കിൽ ആരെങ്കിലും കുറച്ചെങ്കിലും സഹിക്കുന്ന കാര്യത്തിൽ ദുർബലനാണെങ്കിൽ അവർക്ക് തീർച്ചയായും അസത്യത്തിന്റെ ആശ്രയം എടുക്കേണ്ടതായി വരുന്നു. അപ്പോൾ ആ സമയവും അവർക്ക് എനിക്ക് ആശ്രയം ലഭിച്ചു എന്ന് തോന്നും. ശരിയായി എന്ന് തോന്നും എന്നാൽ അവരുടെ കണക്കിൽ സഹനശക്തിയുടെ ശേഖരണമുണ്ടായില്ല. പുറമെ നിന്ന് അവർ വളരെ നല്ലതായി കാണുന്നു, എനിക്ക് മുന്നേറാനുള്ള ചതുരത വന്നു കഴിഞ്ഞു എന്ന് തോന്നും. എന്നാൽ തന്റെ കണക്ക് നോക്കുമ്പോൾ, സമ്പാദ്യത്തിന്റെ ശേഖരണം വളരെ കുറഞ്ഞതായി കാണുന്നു. അതിനാൽ ചതുരതയോടെ പെരുമാറരുത്. ചിലർ പരസ്പരം മറ്റുള്ളവരെ കണ്ട് അത് അനുകരിക്കുന്നു. ഇവർ ഇങ്ങനെ പെരുമാറുന്നതു കൊണ്ടാണ് അവരുടെ പേര് പ്രശസ്തമായത്. ഇവർ മുന്നിലെത്തിയത്. നമ്മൾ സത്യതയോടെ പെരുമാറുന്നതു കൊണ്ടാണ് നമ്മൾ പിറകിലായത്. എന്നാൽ അത് പിറകിലാവുകയല്ല, മുന്നേറുകയാണ്. ബാബയ്ക്കു മുന്നിൽ മുന്നേറുക തന്നെയാണ്, എന്നാൽ മറ്റുള്ളവരുടെ മുന്നിൽ പിറകിലാണെന്നു അനുഭവപ്പെട്ടാലും കുഴപ്പമില്ല. ആരിൽ നിന്നാണ് നിങ്ങൾക്ക് പ്രാപ്തി? ബാബയിൽ നിന്നോ അതോ ആത്മാക്കളിൽ നിന്നോ? (ബാബയിൽ നിന്ന്). അപ്പോൾ ബാബയുടെ ഹൃദയത്തിൽ മുന്നേറി

അർത്ഥം മുഴുവൻ കല്പത്തിലെ പ്രാപ്തിയിലും മുന്നേറുകയാണ്. പക്ഷേ ഇവിടെ മുന്നേറുന്ന കാര്യത്തിൽ ആത്മാക്കളെ അനുകരിക്കുന്നു എങ്കിൽ, ആ സമയത്തേക്ക് വേണമെങ്കിൽ താങ്കൾക്ക് പേരും പ്രശസ്തിയും ലഭിക്കുന്നു, പ്രഭാഷണം ചെയ്യുന്നവരുടെ ലിസ്റ്റിലേക്ക് വരുന്നു. സെന്റർ സംരക്ഷിക്കുന്നവരുടെ ലിസ്റ്റിലേക്ക് വരുന്നു. എന്നാൽ മുഴുവൻ കല്പത്തേക്കുള്ള പ്രാപ്തി ലഭിക്കില്ല. ഇതിനെയാണ് ബാബ പറയുന്നത്, പ്രയത്നിച്ചു, വിത്ത് വിതച്ചു, വൃക്ഷത്തെയും വലുതാക്കി, ഫലവും ഉണ്ടായി, എന്നാൽ പാകപ്പെടാത്ത ഫലം ഭക്ഷിച്ചു. സദാ കാലത്തേക്ക് പ്രാപ്തിയുടെ ഫലം നഷ്ടപ്പെടുകയാണ്. അപ്പോൾ അല്പകാലത്തേക്കുള്ള പേര് പ്രശസ്തിക്കായി ഒരിക്കലും ആരെയും കണ്ട് അനുകരിക്കരുത്. ഇവിടെയുള്ള പേരല്ല വലുത്, എന്നാൽ ബാബയുടെ ഹൃദയത്തിലാണ് നമ്പർ മുന്നിൽ വേണ്ടത്. അതിനാൽ വജ്രമായിത്തീരണമെങ്കിൽ ഈ കാര്യങ്ങളിലെല്ലാം തന്നെ പരിശോധിക്കൂ. ലേശമെങ്കിലും രാജകീയ രൂപത്തിലുള്ള കറ വജ്രത്തിൽ പറ്റിപ്പിടിച്ചിട്ടില്ലല്ലോ. അപ്പോൾ സത്യതയുടെ ശക്തിയിലൂടെ ദിവ്യതയെ ധാരണ ചെയ്യൂ. എന്തു തന്നെ സഹിക്കേണ്ടതായി വന്നാലും പരിഭ്രമിക്കരുത്. സത്യം സമയത്തിനനുസരിച്ച് സ്വതവേ തന്നെ തെളിയിക്കപ്പെടുന്നു. ഇങ്ങനെ പറയാറുണ്ട് സത്യത്തിന്റെ തോണി ആടും ഉലയും എന്നാൽ മുങ്ങില്ല. അപ്പോൾ ഈ കാര്യത്തിൽ അകന്നു നിൽക്കുകയില്ലേ. നിർഭയരായിരിക്കണം. എവിടെയെങ്കിലും നേരിടേണ്ടതായി വന്നാലും ബ്രഹ്മാബാബയുടെ ജീവിതം മുന്നിൽ വെക്കൂ. ബ്രഹ്മാബാബയ്ക്കു മുന്നിൽ ലോകത്തിലുള്ള പരിതസ്ഥിതികൾ ഉണ്ടായിരുന്നു. അതിനോടൊപ്പം തന്നെ കുട്ടികളിൽ നിന്നുമുള്ള വിവിധ പരിതസ്ഥിതികളും ഉണ്ടായിരുന്നു. എന്നാൽ കൂട്ടായ്മയിലിരുന്നു കൊണ്ടും, ഉത്തരവാദിത്വം നിറവേറ്റിക്കൊണ്ടും, സത്യതയുടെ ശക്തിയിലൂടെയാണ് വിജയിയായത്. കുട്ടികളുടെ പ്രശ്നങ്ങളും ബ്രഹ്മാബാബ കണ്ടിരുന്നുവല്ലോ? ബ്രഹ്മാബാബയ്ക്കു മുന്നിൽ വിവിധ സംസ്കാരങ്ങളുള്ള ആത്മാക്കൾ ഉണ്ടായിരുന്നു. എന്നാൽ എത്ര തന്നെ പരിതസ്ഥിതികൾ ഉണ്ടെങ്കിലും സത്യതയുടെ സ്വസ്ഥിതിയാണ് സമ്പൂർണ്ണമാക്കിയത്.

അപ്പോൾ താങ്കളെല്ലാവർക്കും എന്തായിത്തീരണം? ചതുരത ഇല്ലല്ലോ? വളരെ നല്ല രീതിയിലാണ് പറയുന്നത് – ഞാൻ ഒന്നും തന്നെ ചെയ്തില്ലല്ലോ. കുറച്ച് ചതുരതാപൂർവ്വം പെരുമാറേണ്ടതായി വന്നു. എന്നാൽ ഏതു വരെ അങ്ങനെ നടക്കും? അപ്പോൾ സഹനശക്തിയെ ധാരണ ചെയ്ത് അസത്യത്തെ നേരിടൂ. പ്രഭാവത്തിലേക്ക് വരരുത്. പലരും പറയുന്നത്, ഞങ്ങൾ മഹാരഥികളിൽ പോലും അങ്ങനെ കണ്ടിട്ടുണ്ട്, അപ്പോൾ മഹാരഥിയെയല്ലേ അനുകരിക്കുക, ഇപ്പോൾ ബ്രഹ്മാബാബ ഞങ്ങളുടെ മുന്നിലില്ലല്ലോ. മഹാരഥികളുണ്ട് അതിനാൽ അവരെ അനുകരിച്ചു. എന്നാൽ മഹാരഥികളിലും കലർപ്പുണ്ട്, ചതുരതയോടെയാണ് പെരുമാറുന്നത് എങ്കിൽ ആ സമയം അവർ മഹാരഥിയല്ല. ആ സമയം അവർ ഗ്രഹചാരിയാണ്, അല്ലാതെ മഹാരഥിയല്ല. അതിനാൽ ബാബ നൽകിയ സ്ലോഗൻ എന്താണ് ? അച്ഛനെ അനുകരിക്കൂ എന്നല്ലേ, അല്ലാതെ സഹോദരി-സഹോദരനെ അനുകരിക്കൂ എന്നല്ലല്ലോ? അപ്പോൾ സാകാര കർമ്മത്തിൽ ബ്രഹ്മാബാബയെ മുന്നിൽ വെക്കൂ. അനുകരിക്കൂ. അശരീരിയാകുന്നതിൽ നിരാകാരനായ അച്ഛനെ അനുകരിക്കൂ. ബാബയ്ക്ക് നല്ല-നല്ല കുട്ടികളുമുണ്ട്, എന്നാൽ അവരും അനുകരിക്കുന്നത് അച്ഛനെ തന്നെയല്ലേ. അപ്പോൾ താങ്കൾ എന്ത് ചെയ്യണം? അച്ഛനെ അനുകരിക്കൂ. പക്കാ അല്ലേ അതോ കുറച്ചെങ്കിലും എവിടെയെങ്കിൽ ലാഭം ലഭിക്കുകയാണെങ്കിൽ അതെടുത്ത് പിന്നീട് ഭാവിയിൽ നോക്കാം എന്ന് പറയുമോ? പലരും ഇങ്ങനെ ചിന്തിക്കുന്നവരുണ്ട്, സത്യയുഗത്തിൽ കുറഞ്ഞ പദവി ലഭിച്ചാലും അവിടെ സുഖിയായി ജീവിക്കാമല്ലോ.... ദുഖമുണ്ടാകില്ലല്ലോ.. സർവ്വ പ്രാപ്തികളും ഉണ്ടാകുമല്ലോ.. പ്രജകളാണെങ്കിലും മതി അപ്രാപ്തി ഉണ്ടാകില്ലല്ലോ. അതിനാൽ ഇപ്പോൾ നമുക്ക് ആനന്ദം അനുഭവിക്കാം. ഭാവി പിന്നീട് നോക്കാം. എന്നാൽ ഈ അല്പകാലത്തേക്കുള്ള ആനന്ദം, ശിക്ഷക്കുള്ള പങ്കാളിയാക്കുന്നു. അപ്പോൾ ഇത് ഉറപ്പല്ലേ. ശിക്ഷകൾ അനുഭവിക്കില്ലോ? അതോ ശിക്ഷയുടെയും ആനന്ദം എടുക്കാം എന്നാണോ? അല്ലല്ലോ?

അപ്പോൾ മൂന്നു കാര്യങ്ങൾ ഓർമ്മയിൽ വെക്കൂ, പവിത്രത, സത്യത, ദിവ്യത. സാധാരണ വാക്കുകളോ സാധാരണ സങ്കല്പമോ സാധാരണ കർമ്മമോ അല്ല ദിവ്യത. ദിവ്യതയുടെ അർത്ഥം തന്നെ ഇതാണ് ദിവ്യ ഗുണങ്ങളിലൂടെ കർമ്മം ചെയ്യുക, സങ്കല്പിക്കുക, ഇതാണ് ദിവ്യത. എന്താണ് പാപ കർമ്മമെന്ന് ആളുകൾ ചോദിക്കാറുണ്ടല്ലോ.. അപ്പോൾ താങ്കൾ എന്താണ് പറയുന്നത്, എന്തെങ്കിലും വികാരത്തിനു വശപ്പെട്ട കർമ്മങ്ങളാണ് പാപ കർമ്മമെന്നല്ലേ മനസ്സിലാക്കി കൊടുക്കുക. ദിവ്യത അർത്ഥം ദിവ്യ ഗുണങ്ങളുടെ ആധാരത്തിൽ, മനസാ വാചാ കർമ്മണാ ചെയ്യുക. അപ്പോൾ സത്യതയുടെ മഹത്വത്തെ മനസ്സിലായോ?

(ബാബ ഡ്രിൽ ചെയ്യിച്ചു)

ഒരു സെക്കന്റിൽ അശരീരിയായിരിക്കുവാൻ സാധിക്കുമോ? എന്തുകൊണ്ട്? ഞാൻ അശരീരി ആത്മാവെന്ന് സങ്കല്പിക്കുവാൻ എത്ര സമയമെടുത്തു? സെക്കന്റല്ലേ എടുത്തുള്ളൂ. അപ്പോൾ സെക്കന്റിൽ അശരീരി, നിർമ്മോഹി, ബാബയ്ക്ക് പ്രിയപ്പെട്ടത്. ഈ ഡ്രിൽ മുഴുവൻ ദിവസവും ഇടയ്ക്കിടെ ചെയ്തു കൊണ്ടിരിക്കൂ. ചെയ്യാൻ സാധിക്കുമല്ലോ. ഇപ്പോൾ തന്നെ ഒരു സെക്കന്റിൽ തന്നെ എല്ലാം മറന്ന്, അശരീരി സ്ഥിതിയിൽ സ്ഥിതി ചെയ്യൂ. (ബാപ്ദാദ അഞ്ച് നിമിഷം എല്ലാവരെക്കൊണ്ടും ഡ്രിൽ ചെയ്യിച്ചു) ശരി.

നാനാവശത്തുമുള്ള പവിത്രതയുടെ അടിത്തറയെ സദാ ഉറപ്പുള്ളതാക്കി മാറ്റുന്ന, സദാ സത്യതയുടെ ശക്തിയിലൂടെ, വിശ്വത്തിലും സത്യയുഗം അതായത് സത്യതയുടെ ശക്തിയുടെ വൈബ്രേഷൻ വ്യാപിപ്പിക്കുന്ന, സദാ ഓരോ സമയത്തും മനസാ വാചാ കർമ്മണാ മൂന്നിലും ദിവ്യത ധാരണ ചെയ്യുന്ന, സദാ അച്ഛനെ അനുകരിക്കുവാനുള്ള സ്വാഭാവിക അഭ്യാസമുള്ള ആത്മാക്കൾക്ക്, ബാപ്ദാദയുടെ സ്നേഹ സ്മരണയും നമസ്കാരവും.

ഈ ഡ്രിൽ ഒരു ദിവസം എത്ര തവണ ചെയ്യാൻ സാധിക്കുന്നുവോ അത്ര പ്രാവശ്യവും ചെയ്യണം. ഒരു നിമിഷമെങ്കിലും ചെയ്താൽ മതി. മൂന്നു നിമിഷമോ രണ്ടു നിമിഷമോ സമയമില്ലെങ്കിലും ഒരു നിമിഷം അര നിമിഷം ഈ അഭ്യാസം ചെയ്യുന്നതിലൂടെ അവസാന സമയത്ത് അശരീരി ആകുന്നതിൽ വളരെയധികം സഹയോഗം ലഭിക്കുന്നു. ആയിത്തീരുവാൻ സാധിക്കുമോ? ഇപ്പോൾ എല്ലാവരും അശരീരിയായോ അതോ യുദ്ധം ചെയ്ത് പ്രയത്നിച്ചു കൊണ്ട് സമയം പൂർത്തിയായോ? സെക്കന്റിൽ ആയിത്തീരുവാൻ സാധിക്കുമോ? വളരെയധികം കാര്യങ്ങൾ ഉണ്ടെങ്കിലും ആയിത്തീരുവാൻ സാധിക്കണം. ബുദ്ധിമുട്ടില്ലല്ലോ? യു. എൻ ഇൽ വളരെയധികം ഓടിക്കൊണ്ടിരിക്കുമ്പോൾ അശരീരിയാകുന്നതിനായി പ്രയത്നിക്കൂ, സംഭവിക്കുമോ? അഥവാ ഈ അഭ്യാസം സമയത്തിനനുസരിച്ച് ഇടയ്ക്കിടെ ചെയ്യുകയാണെങ്കിൽ സ്വാഭാവികമായിത്തീരുന്നു. ശരീര ഭാരത്തിലേക്ക് വരാൻ പ്രയത്നമില്ലല്ലോ.. ഞാൻ ഇന്നയാളാണെന്ന് ചിന്തിക്കുവാൻ പ്രയത്നമില്ലല്ലോ. സ്വാഭാവികമല്ലേ. അതുപോലെ ഇതും സ്വാഭാവികമായിരിക്കണം. ആഗ്രഹിക്കുമ്പോൾ അശരീരിയാകണം, ആഗ്രഹിക്കുമ്പോൾ ശരീരഭാരത്തിലേക്കും വരണം. ശരി, കാര്യങ്ങൾ ചെയ്യുമ്പോൾ ശരീരത്തിന്റെ ആധാരമെടുക്കുകയും, എന്നാൽ ആധാരമെടുക്കുന്ന ആൾ ഞാൻ ആത്മാവായിരിക്കണം. അതൊരിക്കലും മറക്കരുത്. ചെയ്യുന്ന ആളല്ല, ചെയ്യിക്കുന്ന ആളാണ്. മറ്റുള്ളവരെക്കൊണ്ട് കാര്യം ചെയ്യിക്കാറില്ലേ. ആ സമയം സ്വയം വേറെയെന്നു മനസ്സിലാക്കുമല്ലോ. അതുപോലെ ശരീരത്തിലൂടെ കർമ്മങ്ങൾ ചെയ്യിച്ചുകൊണ്ടും, ചെയ്യിക്കുന്ന ഞാൻ ആത്മാവ് വേറെയാണ്. ഈ അഭ്യാസം ചെയ്യുകയാണെങ്കിൽ ഒരിക്കലും ദേഹബോധത്തിന്റെ കാര്യങ്ങൾ നിങ്ങളെ ഇളക്കുകയില്ല. മനസ്സിലായോ?

**വരദാനം – സ്നേഹസാഗരനിൽ മുഴുകി, എന്റേത് എന്ന അഴുക്കിനെ സമാപ്തമാക്കുന്ന, പവിത്രാത്മാവായി ഭവിയ്ക്കട്ടെ.**

ആരാണോ സദാ സ്നേഹ സാഗരത്തിൽ മുഴുകിയിരിക്കുന്നത്, ലോകത്തിലെ ഒരു കാര്യവും അവരെ അലട്ടുകയില്ല. സ്നേഹത്തിൽ മുഴുകിയതിനാൽ അവർ എല്ലാ കാര്യത്തിൽ നിന്നും സഹജമായും ഉപരിയായിരിക്കും. ഭക്തരെക്കുറിച്ച് പറയാറുണ്ട്, ലയിച്ചു ചേരുന്നു എന്ന്. എന്നാൽ നിങ്ങൾ കുട്ടികൾ സദാ പ്രേമത്തിലാണ് മുഴുകുന്നത്. അവർക്ക് ലോകത്തിലെ സ്മൃതിയില്ല. എന്റെത് എന്നത് അവസാനിച്ചു. അനേക എന്റേത് അഴുക്കാക്കുന്നു. ഒരു എന്റെ ബാബയാണ് അഴുക്കിനെ ഇല്ലാതാക്കുന്നത്. ആത്മാവിനെ പവിത്രമാക്കുന്നത്.

**സ്ലോഗൻ – ബുദ്ധിയിൽ ജ്ഞാന രത്നങ്ങളെ ഗ്രഹിക്കുക(ഉൾക്കൊള്ളുക), ഗ്രഹണം ചെയ്യിക്കുക തന്നെയാണ് ഹോളിഹംസമായിത്തീരുക.**